പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1058 28.04.2017-ലെ മറുപടി

വാട്ടർ അതോറിറ്റിയെ ലാഭകരമാക്കി പ്രവർത്തിപ്പിക്കുവാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>,, കെ.മുരളീധരൻ<br>,, കെ.സി.ജോസഫ്<br>,, എൽദോസ് കുന്നപ്പിള്ളി : | | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| എ | സംസ്ഥാനത്ത് വെള്ളക്കരം വർദ്ധിപ്പിക്കാതെ വാട്ടർ അതോറിറ്റിയെ ലാഭകരമാക്കി പ്രവർത്തിപ്പിക്കുവാൻ ഈ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; | എ | 2016-17 ബജറ്റ് പ്രസംഗത്തിൽ ഖണ്ഡിക 109 പ്രകാരം, 5 വർഷം കൊണ്ട് വെള്ളക്കരം വർദ്ധിപ്പിക്കാതെ വാട്ടർ അതോറിറ്റിയെ ലാഭകരമായ സ്ഥാപനമാക്കുമെന്ന് ബഹു.ധനകാര്യ വകുപ്പ് മന്ത്രി സഭയിൽ പ്രഖ്യാപിച്ചു. |
| ബി | എന്തെല്ലാം കർമ്മ പദ്ധതികളാണ് ഇതിനായി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | ബി | ഇതിനായി കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>1. വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമാക്കി മാറ്റുകയും ചെയ്തു.<br>2. വാട്ടർ അതോറിറ്റിയുടെ ജല വിതരണ ശൃംഖലയിലെ ജല ചോർച്ച തടയുന്നതിന് പഴക്കം ചെന്ന എല്ലാ പൈപ്പുകളും പമ്പുകളും മാറ്റി സ്ഥാപിക്കും.<br>3. ഒട്ടനവധി പദ്ധതികൾ ചെറിയതുക ചെലവഴിച്ച് പൂർണ്ണമായും വിനിയോഗ സജ്ജമാക്കും.<br>4. നഗരമേഖലയിലെ ചില പദ്ധതികൾ മുൻഗണന നൽകി പൂർത്തീകരിക്കും.<br>5. ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കും. |
| സി | വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കായി ഭരണതലത്തിൽ എന്തെല്ലാം പരിഷ്കാര നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | സി | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും സമയബന്ധിതമായ പൂർത്തീകരണത്തിനും ചീഫ് എഞ്ചിനീയർ (പ്രോജക്ട്) കീഴിൽ ഓപ്പറേഷൻസ് & മോണിറ്ററിംഗ് വിഭാഗം രൂപീകരിച്ചു. സംസ്ഥാനത്ത് ഒട്ടാകെ കുടിവെള്ള പദ്ധതികൾക്ക് വേണ്ടി സർവ്വെ നടത്തുവാനും പുതിയ പ്രോജക്ട് തയ്യാറാക്കുന്നതിനുമായി വാസ്കോൺ ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രോജക്ട് പ്ലാനിംഗ് ആന്റ് |

ഡവലപ്മെന്റ് (പി.ഡി.സി യൂണിറ്റ്) രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. കേരള ജല അതോറിറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടു പോകുന്നതിനായി കാലഹരണപ്പെട്ടു കിടന്നിരുന്ന തസ്തികകളെ മീറ്റർ റീഡർ തസ്തികകളായി പുനർ നാമകരണം ചെയ്യുന്നതിനുള്ള പ്രാഥമിക നടപടികൾ എടുത്തു വരുന്നു. പൈപ്പ് ലൈനുകളിലുണ്ടാകുന്ന ലീക്കുകൾ സമയബന്ധിതമായി പരിഹരിക്കാൻ ബ്ലൂ ബ്രിഗേഡ് സംവിധാനം ജില്ലാ ആസ്ഥാനങ്ങളിലും പ്രധാന പദ്ധതികളിലും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ പൈപ്പ് ലൈനുകളിലെ ചോർച്ചയും മറ്റു പരാതികളും സമയബന്ധിതമായി പരിഹരിക്കാൻ 24x7 അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു കേന്ദ്രീകൃത കൺട്രോൾ റൂം ഹെഡ് ഓഫീസിൽ പ്രവർത്തിക്കുന്നു.

Renuka Sankar
സെക്ഷൻ ഓഫീസർ